(ബി) 10-10-2009-ലെ സർക്കാർ ഉത്തരവ് പ്രകാരം എത്ര മാനേജർമാർ സമ്മതപത്രം നൽകിയിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(സി) നിയമന അംഗീകാരം എന്നത്തേയ്ക്ക് പൂർണ്ണമായി നൽകാനാകും ; വിശദമാക്കുമേ ?

ഉത്തരം

(എ-സി) അധിക ഡിവിഷൻ തസ്തികകളിൽ നിയമാനുസൃതമായി നടത്തിയിട്ടുള്ള എല്ലാ നിയമനങ്ങൾക്കും 10-1-2010-ലെ ജി.ഒ.(പി)നമ്പർ 10/2010/പൊ.വി. ഉത്തരവിന് വിധേയമായി അംഗീകാരം നൽകുവാൻ ഉത്തരവായിട്ടുണ്ട്. നിയമനാംഗീകാരത്തിനായി ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ/ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കാണ് അപേക്ഷ നൽകേണ്ടത്. നിയമനാംഗീകാര നടപടികൾ പൂർത്തിയായിക്കഴിഞ്ഞാൽ മാത്രമേ ഇതു സംബന്ധിച്ചുള്ള പൂർണ്ണ വിവരം ലഭ്യമാകുകയുള്ളൂ.

എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനാംഗീകാരം

52 (5187) ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനാംഗീകാരത്തിനായുള്ള എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിന് കാല താമസമെടുക്കാറുണ്ടോ ;

(സി) മുൻകൂർ അനുമതിയില്ലാതെ അദ്ധ്യാപക നിയമനം നടത്താറുണ്ടോ ; എങ്കിൽ ഇത്തരം നിയമനങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശേഖരിച്ച് നൽകുന്നതാണ്.

(ബി) എല്ലാ വ്യവസ്ഥകളും പാലിച്ചുകൊണ്ട് സമർപ്പിക്കുന്ന അപേക്ഷകളിൽ കാലതാമസം കൂടാതെ നടപടി സ്വീകരിച്ചുവരുന്നു.

(സി) നിലവിലുള്ള നിയമം അനുസരിച്ച് മാനേജർമാർക്ക് മുൻകൂർ അനുമതി കൂടാതെ നിയമനം നടത്തുവാൻ അധികാരമുണ്ട്. ഇത്തരം നിയമനങ്ങൾ നിയന്ത്രിക്കുന്നത് സംബന്ധിച്ച് ചില കേസുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly